## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2028

### 16-08-2017 ൽ മറുപടിക്ക്

### റാന്നി നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി നിയോജക മണ്ഡലത്തിലെ എത്ര പ്രോജക്ടുകളാണ് ഇതിനോടകം കിഫ്ബിയിൽ എത്തിയിട്ടുള്ളത്; ഇവയിൽ അനുമതി നൽകിയിട്ടുള്ളവ ഏതൊക്കെ; അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | നാളിതുവരെ റാന്നി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത്, പൊതു വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നിന്നായി ആകെ നാല് പ്രവൃത്തികളാണ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്. പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികളിൽ വിവിധ ജില്ലകളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന 69 കോടി രൂപയുടെ പദ്ധതിക്ക് കിഫ് ബോർഡിന്റെ 27-ാം ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. 8.8.2016 ലെ സ.ഉ.(കൈ) നം 315/16/ധന ഉത്തരവു പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പ് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ടി സ.ഉ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യമായവയെ വരും കിഫ് ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു. നാളിതുവരെ ഇപ്രകാരം യോഗ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് കാലതാമസം വന്നിട്ടില്ല മാത്രമല്ല |

| | |
|---|---|
| | അംഗീകാരം ലഭ്യമാക്കിയ പദ്ധതികളിന്മേൽ ടെൻഡർ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി യാണ്. ഈ നടപടികൾ പൂർത്തിയാക്കി ഡിമാന്റുകൾ/ബില്ലുകൾ കിഫ്ബിയിൽ ഓൺലൈനായി സമർപ്പിക്കുന്ന പക്ഷം കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നു. |
| (ബി) 2016-17 ബജറ്റിലെ ഇനിയും എത്ര പദ്ധതികൾക്കാണ് കിഫ്ബി വഴി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ 98 പദ്ധതികളുടെ വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 8.8.2016 ലെ സ.ഉ.(കൈ) നം. 315/16/ധന ഉത്തരവു പ്രകാരം യോഗ്യമായവയെ കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കിഫ് ബോർഡിന്റെ അംഗീകാരത്തിനു ശേഷമേ പദ്ധതികളെ സംബന്ധിച്ച ധാരണയുണ്ടാകൂ. |
| (സി) ഗ്രീൻ ബുക്കിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ പട്ടിക ധനകാര്യവകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇവയുടെ പട്ടിക പ്രസിദ്ധീകരിക്കാമോ? | ബഡ്ജറ്റിനോടൊപ്പം നിയമസഭയിൽ സമർപ്പിക്കുന്ന രേഖകളിലൊന്നാണ് ഗ്രീൻബുക്ക്. ഗ്രീൻബുക്കിൽ പ്രതിപാദിക്കുന്ന പദ്ധതികളുടെ പട്ടികയും അതോടൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത രേഖകളോടൊപ്പം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ പട്ടിക ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**